# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3237</u>      <u>11.12.2014-ൽ മറുപടിയ്ക്ക്</u>

## <u>പാലങ്ങളിലെ ടോൾ പിരിവ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. കെ.രാധാകൃഷ്ണൻ**<br>**,, സി.രവീന്ദ്രനാഥ്**<br>**,, എ.എം.ആരിഫ്**<br>**,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) നിലവിൽ ഏതെല്ലാം പാലങ്ങളിൽ ടോൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ഏതെങ്കിലും പാലങ്ങളിൽ പ്രദേശവാസികൾക്ക് ടോൾ സൗജന്യപാസ്സ് അനുവദിച്ചിട്ടുണ്ടോ ; ഇതിനു നഷ്ടപരിഹാരമായി കരാറെടുത്ത കമ്പനിക്ക് എന്തു തുകയാണ് നൽകിയത് ; തുക നിശ്ചയിച്ചത് എന്തു മാനദണ്ഡ പ്രകാരമാണെന്ന് അറിയിക്കാമോ ; | (എ) ടോൾ ഏർപ്പെടുത്തിയിട്ടുള്ള പാലങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. ചില പാലങ്ങളിൽ സൗജന്യപാസ് അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകിയിട്ടില്ല. |
| (ബി) പത്തു കോടിയിൽ താഴെ ചെലവുള്ള പാലങ്ങളെ ടോൾ പിരിവിൽ നിന്നും ഒഴിവാക്കാനുള്ള തീരുമാനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതുപ്രകാരം എത്ര പാലങ്ങൾ ടോൾ പിരിവിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട് ; | (ബി) പത്തുകോടി രൂപയിൽ കുറവ് നിർമ്മാണ ചെലവുള്ള പാലങ്ങളെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 7 പാലങ്ങളിലെ ടോൾ പിരിവ് നിർത്തിവച്ചിട്ടുണ്ട്. |
| (സി) സർക്കാർ വിജ്ഞാപനം വന്നിട്ടും ടോൾ പിരിവ് തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ടോൾ പിരിവിന് നിശ്ചിത സമയപരിധി നിർണ്ണയിച്ചിട്ടുണ്ടോ ; കാലാവധി കഴിഞ്ഞ പാലങ്ങളിൽ ടോൾ പിരിവ് തുടരുന്നുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടോൾ പിരിവിന് സമയപരിധി നിർണ്ണയിച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ പാലങ്ങളിൽ ടോൾ പിരിവ് നടക്കുന്നില്ല. |
| (ഡി) ടോൾ നിർണ്ണയത്തിലെ അപാകതകളും അനന്തമായ നീളുന്ന ടോൾ പിരിവുകളും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിലും, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിലും ടോൾ നിർണ്ണയത്തിൽ അപാകതയില്ല. ടോൾ പിരിവ് അനന്തമായി നീളുന്നില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| നമ്പർ | ടോൾ പിരിക്കുന്ന പാലങ്ങൾ |
|---|---|
| 1 | ബേക്കൽ |
| 2 | എസ്.എൻ.ജംഗ്ഷൻ, ഇരുമ്പനം, എയർപോർട്ട്-സീപോർട്ട് റോഡ് |
| 3 | പുലാമന്തോൾ |
| 4 | കട്ടക്കാംകുന്ന് |
| 5 | വിക്ടോറിയ കോളേജ് |
| 6 | സുൽത്താൻപെട്ട് |
| 7 | മുഴപ്പിലങ്ങാട് |
| 8 | പുല്ലേപ്പടി |
| 9 | നന്തി |
| 10 | കൊയിലാണ്ടി |
| 11 | പയ്യന്നൂർ |
| 12 | പരപ്പനങ്ങാടി |
| 13 | ദേവദാർ |
| 14 | ചെറുവത്തൂർ |
| 15 | മുളങ്കുന്നത്തുകാവ് |
| 16 | മുറിഞ്ഞപുഴ |
| 17 | അത്തുർ-അരുകറ്റി |
| 18 | തുരുത്തിപുറം |
| 19 | ശ്രീമൂല നഗരം |
| 20 | ന്യൂ-കൊച്ചിൻ പാലം-ചെറുതുരുത്തി |
| 21 | കൃഷ്ണൻകോട്ട |
| 22 | പൂവത്തുംകടവ് |
| 23 | കനോലി കനാലിന് കുറുകെയുള്ള പുളിക്കക്കടവ് പാലം |
| 24 | കടലുണ്ടിക്കടവ് |
| 25 | മായന്നൂർ |
| 26 | വെള്ളാപ്പ് |
| 27 | മാട്ടൂൽ-മടക്കര |
| 28 | ചാലക്കുടി പുഴയ്ക്ക് കുറുകെയുള്ള പുളിക്കാക്കടവ് പാലം |
| 29 | മതിലകം |
| 30 | എടശ്ശേരിക്കടവ് |
| 31 | പനങ്കയം |
| 32 | ആക്കുളം |
| 33 | കുണ്ടന്നൂർ |
| 34 | വരാപ്പുഴ |
| 35 | അറപ്പുഴ |

S.O.